**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 312 | 19.2.2013-ൽ മറുപടിയ്ക്ക്

## <u>കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്ന സംഘങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിയമം അനുശാസിക്കുന്നതിൽ കൂടുതൽ പലിശ ഈടാക്കി വായ്പ നല്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരക്കാരെ നിയന്ത്രിക്കാൻ പോലീസ് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ പ്രവർത്തിക്കുന്നവരിൽ എത്രപേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്; | (ബി) | ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനായി കർശനമായ നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചു വരുന്നത്. ഇത്തരം കേസുകളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിൽ Economic Offences Wing ( EOW) എന്നൊരു വിഭാഗം പ്രവർത്തിയ്ക്കുന്നുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന 608 പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്. |
| (സി) | പോലീസുകാർതന്നെ പണം പലിശയ്ക്ക് നൽകിയതായ കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; | (സി) | ഇത്തരത്തിലുള്ള 4 കേസുകൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| (ഡി) | കൊള്ളപ്പലിശ വാങ്ങിയവരെക്കുറിച്ചുള്ള പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിനും ഇതിനായി ഉപയോഗിക്കപ്പെടുന്ന ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ ആയതിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും Kerala Money Lenders Act 1958 ലെ വകുപ്പുകൾ പ്രകാരവും, KAAP Act 2007 പ്രകാരവും കർശനമായ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ